പതിമൂന്നാം കേരള നിയമസഭ
പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 1053 1/07/2015-ൽ മറുപടിക്ക്

## എസ്.എസ്.എൽ.സി പരീക്ഷാമൂല്യ നിർണ്ണയം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ.കെ. ജയചന്ദ്രൻ | ശ്രീ. പി.കെ. അബ്ദു റബ്ബ് (വിദ്യാഭ്യാസ വകുപ്പുമന്ത്രി) |
| (എ) ഇക്കഴിഞ്ഞ എസ്.എസ്.എൽ.സി പരീക്ഷാ മൂല്യനിർണ്ണയം സംബന്ധിച്ച് അദ്ധ്യാപക സംഘടനകളിൽ നിന്നും പരാതി ലഭിച്ചിരുന്നോ ; പരാതിയും നിർദ്ദേശങ്ങളും പരിഗണിക്കുകയുണ്ടായോ; | (എ) എസ്.എസ്.എൽ.സി പരീക്ഷയുടെ നടത്തിപ്പുമായി ബന്ധപ്പെട്ട് അദ്ധ്യാപക സംഘടനകളുടെ പരാതികളും നിർദ്ദേശങ്ങളും പൂർണ്ണമായും പരിഗണിച്ചുകൊണ്ടു തന്നെയാണ് മുന്നോട്ടുപോയിട്ടുള്ളത്. |
| (ബി) മൂല്യനിർണ്ണയത്തിനായി എത്ര ക്യാമ്പുകളാണ് പ്രവർത്തിച്ചിരുന്നത്; ഈ ക്യാമ്പുകളിലെല്ലാം കൂടി എത്ര അദ്ധ്യാപകരാണ് മൂല്യനിർണ്ണയത്തിൽ പങ്കെടുത്തത്; | (ബി) കേരള സംസ്ഥാനത്തൊട്ടാകെ 54 മൂല്യനിർണ്ണയ ക്യാമ്പുകളാണ് പ്രവർത്തിച്ചിരുന്നത്. ഈ ക്യാമ്പുകളിലെല്ലാം കൂടി 19601 അദ്ധ്യാപകരാണ് മൂല്യനിർണ്ണയത്തിൽ പങ്കെടുത്തത്. |
| (സി) അദ്ധ്യാപകരുടെ എണ്ണമനുസരിച്ച് എല്ലാ ക്യാമ്പുകളിലും ആവശ്യമായ സൗകര്യങ്ങൾ ഏർപ്പെടുത്തിയിരുന്നോ; ക്യാമ്പുകളിലെ അസൗകര്യങ്ങൾ സംബന്ധിച്ച് പരാതികൾ ഉയർന്നിരുന്നോ; ഇതു സംബന്ധിച്ച അദ്ധ്യാപകരുടെ പ്രതിഷേധത്തിന് പരിഹാരം കാണാൻ കഴിഞ്ഞിരുന്നോ; | (സി) കേരള സംസ്ഥാനത്തൊട്ടാകെ 54 ക്യാമ്പുകളിലായിട്ടാണ് മൂല്യനിർണ്ണയം നടത്തിയത്. പ്രസ്തുത ക്യാമ്പുകളിൽ ആവശ്യമായ സൗകര്യങ്ങൾ ഒരുക്കുവാൻ എല്ലാ ജില്ലകളിലെയും ബന്ധപ്പെട്ട ആഫീസർമാർക്ക് നിർദ്ദേശം നൽകിയിരുന്നു. ഇതിൽ അസൗകര്യങ്ങൾ ഉണ്ടായതായി വന്നിട്ടുള്ള പരാതികൾ പരിശോധി |

| | | | |
|---|---|---|---|
| | | | ക്കുകയും അത് പരിഹരിക്കുന്നതിന് ആവശ്യമായ നടപടികൾ ഉടൻതന്നെ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. |
| (ഡി) | ഇത്തവണ മൂല്യനിർണ്ണയത്തിൽ ഒരദ്ധ്യാപകൻ എത്ര പേപ്പറുകളാണ് മൂല്യനിർണ്ണയം നടത്തേണ്ടിയിരുന്നത്; മുൻവർഷങ്ങളിൽ ഇത് എത്രയായിരുന്നു; | (ഡി) | ഇംഗ്ലീഷ്, സോഷ്യൽ സയൻസ്, കണക്ക് എന്നീ വിഷയങ്ങൾക്ക് 24 വീതവും മറ്റ് വിഷയങ്ങൾക്ക് 36 വീതവുമാണ് മൂല്യനിർണ്ണയം നടത്തിയിരുന്നത്. മുൻവർഷങ്ങളിലും ഇത്തരത്തിലാണ് മൂല്യനിർണ്ണയം നടത്തിയിരുന്നത്. |
| (ഇ) | മൂല്യനിർണ്ണയം എത്ര ദിവസം കൊണ്ടാണ് പൂർത്തിയാക്കിയത്; ചുരുങ്ങിയ ദിവസത്തിനുള്ളിൽ മൂല്യനിർണ്ണയം പൂർത്തിയാക്കാൻ നിർദ്ദേശിച്ചതിന്റെ ഉദ്ദേശമെന്തായിരുന്നു; മൂല്യനിർണ്ണയത്തിന് മതിയായ സമയം ലഭിക്കാത്തത് അപാകതകൾ കടന്നുകൂടുന്നതിനും കാര്യക്ഷമത കുറയുന്നതിനും കാരണമായിട്ടുണ്ടെന്നു കരുതുന്നുണ്ടോ; വ്യക്തമാക്കുമോ? | (ഇ) | പത്ത് ദിവസംകൊണ്ടാണ് മൂല്യനിർണ്ണയം പൂർത്തിയാക്കിയത്. ഇപ്രകാരം മൂല്യനിർണ്ണയം നടത്തിയ കാരണത്താൽ അപാകതകൾ സംഭവിച്ചിട്ടില്ല. |

Sreedevi

സെക്ഷൻ ഓഫീസർ